2008
ജൂലൈ
2 ബുധൻ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 WEDNESDAY JULY 2 , 2008 JAMA'DUL AKHIR 28, 1429. PAGE 16, ISSUE 3379



*വിപുലീകരിച്ച എൽ.എം.ആർ.എ കൗണ്ടറുകളിൽ അപേക്ഷ നൽകാനെത്തിയവർ*



*തൊഴിൽമന്ത്രി ഡോ. മജീദ് അൽ അലവി, അലി റാദി തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ*

## തൊഴിലിടങ്ങളിൽ കർശന പരിശോധന

# വർക്ക് പെർമിറ്റ് ചുമതല എൽ.എം.ആർ.എ ഏറ്റെടുത്തു; വിപുല സംവിധാനങ്ങൾ

എം. സുരേഷ് കുമാർ

മനാമ: പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളിലെ വിദേശ തൊഴിലാളികളുടെ വർക്ക് പെർമിറ്റ് അനുവദിക്കുക, പുതുക്കുക തുടങ്ങിയ നടപടികളുടെ ചുമതല ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റി ഏറ്റെടുത്തു. സനാബിസിലെ എൽ.എം. ആർ.എ ആസ്ഥാനത്ത് തൊഴിൽ മന്ത്രി ഡോ. മജീദ് മുഹ്സിൻ അൽ അലവി ഇതിൻെറ ഔദ്യോഗിക പ്രഖ്യാപനം നിർവഹിച്ചു. അതോറിറ്റി ബോർഡ്അംഗങ്ങളുടെയും തൊഴിൽ മന്ത്രാലയ ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റാദി സന്നിഹിതനായിരുന്നു. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വർക്ക് പെർമിറ്റ് അനുവദിക്കുന്നത് തൊഴിൽ മന്ത്രാലയം കഴിഞ്ഞാഴ്ച മുതൽ നിർത്തിവെച്ചിരുന്നു. എന്നാൽ വീട്ടുവേലക്കാരുടെയും മറ്റ് ഗൃഹജോലികളുമായി ബന്ധപ്പെട്ടവരുടെയും വിസ നൽകുന്നത് മന്ത്രാലയം തന്നെ തുടരും. ഇന്നലെ മുതൽ 2006 ലെ തൊഴിൽ നിയമം 19 പ്രാബല്യത്തിൽ വന്നു. നിയമലംഘനം ഒരു രീതിയിലും അനുവദിക്കില്ല. തൊഴിലിടങ്ങളിൽ പരിശോധന കർശനമായി നടത്തും. പൊതുമാപ്പും എൻറോൾമെൻറ് ഫെസ്റ്റിവലും നടത്തിയിട്ടും രേഖകൾ ശരിയാക്കാൻ മുന്നോട്ടുവരാത്തതിന് ന്യായീകരണമില്ല. അത്രയും മാസം നാട്ടിൽ പോയെന്നോ ചികിൽസയിലായിരുന്നുവെന്നോ ആർക്കും പറയാനാവില്ല. നിയമലംഘനത്തിനെതിരെ നിലവിലെ നിയമങ്ങൾ പര്യാപ്തമാണ്. തടവോ പിഴയോ രണ്ടുമോ ആകാമെന്നും മന്ത്രി പറഞ്ഞു.

സനാബിസിലെ ലേബർ അതോറിറ്റി ആസ്ഥാനത്ത് വിപുലമായ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അലി റാദി പറഞ്ഞു. അപേക്ഷകൾ സമർപ്പിക്കാൻ കൂടുതൽ കൗണ്ടറുകൾ തുറന്നിട്ടുണ്ട്. ഞായറാഴ്ച മുതൽ വ്യാഴാഴ്ച വരെ രാവിലെ 7.30 മുതൽ വൈകിട്ട് നാലു വരെ ഓഫീസ് പ്രവർത്തിക്കും. കൂടുതൽ പ്രൊഫഷനലിസത്തോടെയും കൃത്യതയോടെയും സേവനം ലഭ്യമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രവൃത്തി ദിവസങ്ങളിൽ കാൾ സെൻററുമായി 17506055 എന്ന നമ്പറിൽ ബന്ധപ്പെട്ടും www.lmra.bh എന്ന വെബ്സൈറ്റ് സന്ദർശിച്ചും ഓഫീസിൽ നേരിട്ടെത്തിയും സംശയനിവാരണം നടത്തുകയും ആവശ്യമായ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

പൊതുമേഖലയിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് വർക്ക് പെർമിറ്റ് അനുവദിക്കുന്നതിന് എൽ.എം. ആർ.എ പൂർണമായും സജ്ജമായിരിക്കുകയാണ്. അപേക്ഷ സമർപ്പിച്ചാൽ പത്തു ദിവസത്തിനകം വർക്ക് പെർമിറ്റ് ലഭിക്കും. രണ്ട് ദിവസം എൽ.എം.ആർ.എയിലും മൂന്ന് ദിവസം സെൻട്രൽ ഇൻഫർമാറ്റിക് ഓർഗനൈസേഷനിലും അഞ്ച് ദിവസം ജനറൽ ഡയറക്ടറേറ്റ് ഓഫ് പാസ്പോർട്സ്, നാഷനാലിറ്റി ആൻറ് റസിഡൻറ്സിലും വേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

## അഹ്ലി യുനൈറ്റഡ് ബാങ്ക് കൗണ്ടർ തുറന്നു

മനാമ: ആവശ്യക്കാർക്ക് തങ്ങളുടെ സേവനം സുഗമവും വേഗതയേറിയതും ആക്കുന്നതിന് വേണ്ടി ലേബർ മാർക്കറ്റിംഗ് റെഗുലേറ്ററി അസോസിയേഷൻ അഹ്ലി യുനൈറ്റഡ് ബാങ്കുമായി കരാറിലേർപ്പെട്ടു. ഇതിൻെറ ഭാഗമായി സനാബിസിലെ എൽ.എം.ആർ.എ ആസ്ഥാനത്ത് ബാങ്കിൻെറ പ്രത്യേക കൗണ്ടർ തുറന്ന് പ്രവർത്തനമാരംഭിച്ചു. ഇതിലൂടെ തൊഴിലുടമകൾക്കും സ്ഥാപനാധികാരികൾക്കും തങ്ങളുടെ ഫീസുകളും മറ്റും അടക്കാം.

കരാറിൽ എൽ.എം.ആർ.എ ചെയർമാൻ അലി റാദി, അഹ്ലി യുനൈറ്റഡ് ബാങ്ക് ഫസ്റ്റ് ഡെപ്യൂട്ടി ചീഫ് എക്സിക്യുട്ടീവ് മൈക്കിൾ കോളിസ് എന്നിവർ ഒപ്പുവെച്ചു. മികച്ച സേവനം കാഴ്ച വെക്കുന്ന മേഖലയിലെ തന്നെ ഏറ്റവും മെച്ചപ്പെട്ട ബാങ്കായ അഹ്ലി യുനൈറ്റഡിൻെറ സഹകരണത്തോടെ ഉപഭോക്താക്കൾക്ക് എൽ.എം. ആർ.എയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ എളുപ്പമാവുമെന്ന് അലി റാദി പറഞ്ഞു.